**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ശുചിത്വ മിഷൻ- CMD മുഖേനെ നിയമിച്ച 28 തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരുടെ 15/09/2017 മുതൽ 14/09/2018 വരെയുള്ള സേവന കാലാവധി ക്രമവത്കരിച്ചും തുടർന്ന് 15.09.2018 മുതൽ 31.05.2019 വരെ കാലാവധി ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.535/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 06/03/2019**

---

പരാമർശം:-1) 17.01.2015 തീയതിയിലെ സ.ഉ(സാധാ)നം.144/2015/ത.സ്വ.ഭ.വ.

2) 09.09.2016 തീയതിയിലെ സ.ഉ(സാധാ)നം.2677/2016/ത.സ്വ.ഭ.വ.

3) 25..03.2017 തീയതിയിലെ സ.ഉ(സാധാ)നം.873/2017/ത.സ്വ.ഭ.വ.

4) 28.04.2017 തീയതിയിലെ സ.ഉ(അച്ചടി)നം.56/2017/ഫിൻ

5) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25/08/2017, 14/06/2018, 20/10/2018 എന്നീ തീയതികളിലെ 2726/ബി/2014/എസ്. എം നമ്പർ കത്ത്.

**ഉത്തരവ്**

ശുചിത്വ മിഷനിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം CMD മുഖേന കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിരുന്നതും, തുടർന്ന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം വീണ്ടും ഒരു വർഷത്തേക്ക് കൂടി കാലാവധി ദീർഘിപ്പിച്ചു നല്കുകയും ചെയ്തിരുന്നവരുടെ ദീർഘിപ്പിച്ച കരാർ കാലാവധി 14.09.2017 ൽ അവസാനിക്കുന്നതിനാൽ തുടർന്നും 15.09.2017 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 5 ലെ കത്തുകൾ പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ ഉത്തരവ് പ്രകാരം സേവന കാലയളവ് ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നല്കിയ 31 ഉദ്യോഗസ്ഥരിൽ കൊല്ലം ജില്ലയിലെ ടെക്നിക്കൽ കൺസൾട്ടന്റ്, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാർ എന്നീ 3 തസ്തികകൾ ഒഴികെയുള്ള 28 തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ കാര്യക്ഷമത സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന വ്യവസ്ഥയിൽ, 15/09/2017 മുതൽ 14/09/2018 വരെയുള്ള കാലയളവിലെ കാരാർ വ്യവസ്ഥയിലുള്ള സേവന കാലാവധി ക്രമവത്കരിച്ചും തുടർന്ന് 15.09.2018 മുതൽ 31.05.2019 വരെ കാലാവധി ദീർഘിപ്പിച്ചും ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ശ്രീകല സി.എസ്.**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**